പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1477

05/12/2014 -ൽ
മറുപടിയ്ക്ക്

## മലയോര വികസന ഏജൻസിയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ | | ശ്രീ.കെ.സി..ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) മലയോര വികസന ഏജൻസി 2012-ൽ രൂപീകരിച്ചതിനുശേഷം 2012-13 ലും 2013-14 ലും 2014-15 ലും ഓരോ വർഷവും മലയോര വികസന പദ്ധതികൾക്കായി എത്ര തുക വീതം നീക്കിവയ്ക്കുകയുണ്ടായി; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | മലയോര വികസന ഏജൻസി 2012 ൽ രൂപീകരിച്ചതിനുശേഷം ഓരോ വർഷവും മലയോര വികസന പദ്ധതിയ്ക്കായി നീക്കി വച്ച തുക താഴെ കൊടുക്കുന്നു.<br>2012 -13 - 36.30 കോടി രൂപ<br>2013-14 - 42.50 കോടി രൂപ<br>2014 -15 - 110 കോടി രൂപ |
| (ബി) മലയോര വികസന ഏജൻസി മുഖേന നടപ്പിലാക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമാണ്; | (ബി) | ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി, പഴം പച്ചക്കറി വികസന പദ്ധതി, മലയോര റോഡുകളുടെ മെച്ചപ്പെടുത്തൽ, സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി, കുളങ്ങളുടെ നവീകരണം, കാർഷിക വികസനം എന്നീ വികസന പദ്ധതികളാണ് മലയോര വികസന ഏജൻസി വഴി നടപ്പിലാക്കുന്നത്. |
| (സി) 2012-13 ൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ്; ഓരോ പദ്ധതിയും ഏത് നിയോജക മണ്ഡലത്തിലാണ് ഉൾപ്പെടുന്നത്; | (സി) | കണ്ണൂർ ജില്ലയിൽ 2012-13 സാമ്പത്തിക വർഷത്തിൽ പഴം പച്ചക്കറി വികസനം, ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി എന്നിവയാണ് നടപ്പിലാക്കിയത്. 2012 -13 സാമ്പത്തിക വർഷത്തിൽ ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ച പദ്ധതികളും അനുവദിച്ച തുകയും അനുബന്ധം 1 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | 2013-14 ൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ്; ഓരോ പദ്ധതിയും ഏത് നിയോജക മണ്ഡലത്തിലാണ് ഉൾപ്പെടുന്നത്; | (ഡി) | 2013 - 14 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ, പഴം പച്ചക്കറി വികസനം, ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി, മലയോര റോഡുകളുടെ മെച്ചപ്പെടുത്തൽ, സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി എന്നിവയാണ്. ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ച പദ്ധതികളും അനുവദിച്ച തുകയും അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഇ) | 2014-15 ൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണ്; ഓരോ പദ്ധതിയും ഏത് നിയോജക മണ്ഡലത്തിലാണ് ഉൾപ്പെടുന്നത്? | (ഇ) | 2014 - 15 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ 30/10/2014 വരെ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി എന്നിവയാണ്. പദ്ധതികൾക്ക് തുക ഒന്നും അനുവദിച്ചിട്ടില്ല. ഓരോ നിയോജകമണ്ഡലത്തിലും അനുവദിച്ച പദ്ധതികൾ അനുബന്ധം 3 ആയി ചേർക്കുന്നു. |

Bijumon

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

2012-13 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികൾ

### എ) പേരാവൂർ നിയോജക മണ്ഡലം

- ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം : 42,00,000.00 രൂപ
- പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി : 1,04,25,500.00 രൂപ
- പഴം പച്ചക്കറി വികസന പദ്ധതി(ഇരിട്ടി ബ്ലോക്ക്) : 26.00 ലക്ഷം രൂപ
- പഴം പച്ചക്കറി വികസന പദ്ധതി (പോരാവൂർ ബ്ലോക്ക്) :26.00 ലക്ഷം രൂപ

### ബി) ഇരിക്കൂർ നിയോജക മണ്ഡലം

- ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം : 1,84,00,000.00 രൂപ
- പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി 1,08,77,035.00 രൂപ
- പഴം പച്ചക്കറി വികസനം (ഇരിക്കൂർ ബ്ലോക്ക്) : 26.00 ലക്ഷം രൂപ

### സി) പയ്യന്നൂർ നിയോജക മണ്ഡലം

- ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം : 20,00,000.00 രൂപ
- പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി : 19,00,000.00 രൂപ
- പഴം പച്ചക്കറി വികസനം (പയ്യന്നൂർ ബ്ലോക്ക്) : 26.00 ലക്ഷം രൂപ

### ഡി) കൂത്തുപറമ്പ് നിയോജക മണ്ഡലം

- പഴം പച്ചക്കറി വികസനം (കൂത്തുപറമ്പ് ബ്ലോക്ക്) :26.00 ലക്ഷം രൂപ

### ഇ) തളിപ്പറമ്പ് നിയോജക മണ്ഡലം

- പഴം പച്ചക്കറി വികസനം (തളിപ്പറമ്പ് ബ്ലോക്ക്) :26.00 ലക്ഷം രൂപ

Bijumon

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

2013-14 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികൾ.

**എ) പേരാവൂർ നിയോജക മണ്ഡലം**

- ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം : 30,00,000.00 രൂപ
- പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി : 11,04,688.00 രൂപ
- മലയോര റോഡുകളുടെ മെച്ചപ്പെടുത്തൽ : 10,00,000.00 രൂപ

**ബി) ഇരിക്കൂർ നിയോജക മണ്ഡലം**

- പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി : 25,00,000.00 രൂപ
- ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം : 1,32,90,000.00 രൂപ
- മലയോര റോഡുകളുടെ മെച്ചപ്പെടുത്തൽ : 1,50,00,000.00 രൂപ
- സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി : 4,40,000.00 രൂപ

**സി) പയ്യന്നൂർ നിയോജക മണ്ഡലം**

- സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി : 4,90,000.00 രൂപ

**ഡി) എടക്കാട് നിയോജക മണ്ഡലം**

- പഴം പച്ചക്കറി വികസനം (എടക്കാട് ബ്ലോക്ക്) : 26.00 ലക്ഷം രൂപ

**ഇ) തലശ്ശേരി നിയോജക മണ്ഡലം**

- പഴം പച്ചക്കറി വികസനം (തലശ്ശേരി ബ്ലോക്ക്) : 26.00 ലക്ഷം രൂപ

**എഫ്) കൂത്തുപറമ്പ് നിയോജക മണ്ഡലം**

- പഴം പച്ചക്കറി വികസനം (പാനൂർ ബ്ലോക്ക്) :26.00 ലക്ഷം രൂപ

Bijumon

സെക്ഷൻ ഓഫീസർ

# അനുബന്ധം - 3

2014-15 സാമ്പത്തിക വർഷത്തിൽ കണ്ണൂർ ജില്ലയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അനുവദിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്. പദ്ധതികൾക്ക് തുക ഒന്നും അനുവദിച്ചിട്ടില്ല.

## എ) പേരാവൂർ നിയോജക മണ്ഡലം

ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 5 പഞ്ചായത്തുകളിലായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം
- പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി

## ബി) ഇരിക്കൂർ നിയോജക മണ്ഡലം

- ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം
- പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി

9 പഞ്ചായത്തുകളിലായി നടപ്പിലാക്കിവരുന്നു

## സി) കൂത്തുപറമ്പ് നിയോജക മണ്ഡലം

- ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം

2 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു

Bijumon

സെക്ഷൻ ഓഫീസർ